ബേപ്പൂർ പോർട്ടിന്റെ നവീകരണം

238 (215) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ പോർട്ടിൽ 2011 മുതൽ നടന്നിട്ടുള്ള വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ബേപ്പൂർ പോർട്ടിന്റെ നവീകരണത്തിനായി റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഏതെങ്കിലും കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടികൾ എത്രത്തോളമായെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ബേപ്പൂർ തുറമുഖത്ത് 2011 മുതൽ നടന്നിട്ടുള്ള വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

(a) 2.35 കോടി രൂപ ചെലവിൽ റീച്ച് സ്റ്റാക്കർ വാങ്ങി സ്ഥാപിച്ചു.

(b) 6 കോടി രൂപ ചെലവിൽ 750 എച്ച്.പി. ടഗ്ഗ് വാങ്ങി കമ്മീഷൻ ചെയ്തു.

(c) 20 ലക്ഷം രൂപ ചെലവിൽ പിക്ക്-ആന്റ്-ക്യാരി ക്രെയിൻ വാങ്ങി സ്ഥാപിച്ചു.

(d) 1.5 കോടി രൂപ ചെലവിൽ വി.റ്റി.എം.എസ്. സ്ഥാപിച്ചു.

(e) 19 കോടി രൂപ ചെലവിൽ കണ്ടെയ്നർ ഹാന്റ് ലിംഗ് ക്രെയിൻ വാങ്ങിസ്ഥാപിക്കുന്നതിനായി സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.

(f) ബേപ്പൂർതുറമുഖത്ത് വാർഫ് നിർമ്മിക്കുന്നതിന് മുന്നോടിയായുള്ള ഇൻവെസ്റ്റിഗേഷൻ ആന്റ് സ്റ്റഡീസ് നടത്തുന്നതിന് 61 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ഐ.ഐ.റ്റി. ചെന്നൈ പ്രസ്തുത പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ബേപ്പൂരിൽ നിലവിലുള്ള പഴയ വാർഫിനും ഫിഷറീസ് ഹാർബറിനുമിടയിൽ ലക്ഷദ്വീപ് ഭരണകൂടത്തിനായി നിർമ്മിക്കുന്ന വാർഫിന്റെ പരിസ്ഥിതി പഠനം പുരോഗമിക്കുന്നു.

(g) ജനറേറ്റർ റൂം പുതുതായി നിർമ്മിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(h) ബേപ്പൂർ തുറമുഖത്തേയ്ക്കുള്ള അപ്രോച്ച് റോഡ് നവീകരിച്ചു.

(i) ബേപ്പൂർ തുറമുഖത്തെ ട്രാൻസിറ്റ് ഷെഡ് നവീകരിച്ചു.

(j) ഹൈഡ്രോ ഗ്രാഫിക് സർവ്വേ വിഭാഗത്തിനായി പുതിയ ഓഫീസ് കെട്ടിടം നിർമ്മിച്ചു.

(k) ബേപ്പൂർ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിന്റെ ഓഫീസിനോട് അനുബന്ധിച്ച് ടൂവീലർ ഷെഡ് നിർമ്മിച്ചു.

(l) ബേപ്പൂർ തുറമുഖത്തിന്റെ ചുറ്റുമതിൽ ഉയർത്തുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

(m) പോർട്ട് ഓഫീസിന്റെ അറ്റകുറ്റപ്പണികളും കെട്ടിടത്തിന് മുകളിൽ റൂഫിംഗ് ഷീറ്റ് ഇടുന്ന പ്രവൃത്തിയും പൂർത്തീകരിച്ചു.

(n) പോർട്ട് ഓഫീസ് ഡോർമിറ്ററിയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു.

(o) സിൽക്ക് കോമ്പൗണ്ടിലെ കിണർ വൃത്തിയാക്കലും പമ്പ് സെറ്റ്, പൈപ്പ് ലൈൻ സ്ഥാപിക്കലും പൂർത്തീകരിച്ചു.

(p) ബി.സി. റോഡ് ക്വാർട്ടേഴ്സിൽ പുതിയ വാട്ടർ ടാങ്ക് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

(q) പോർട്ട് വാർഫിലെ കിണറിന്റെ അറ്റകുറ്റപ്പണികൾ നടത്തി.

(r) 180 മീറ്റർ തുറമുഖ വാർഫിന് പിന്നിലെ യാർഡിന്റെ അറ്റകുറ്റപ്പണികൾ നടത്തി.

(s) തുറമുഖ ഗേറ്റ് ഹൗസിന്റെ അറ്റകുറ്റപ്പണികൾ നടത്തി.

(t) ബേപ്പൂർ തുറമുഖത്തെ സീനിയർ പോർട്ട് കൺസർവ്വേറ്റർ ആഫീസിന്റെ നവീകരണ പ്രവൃത്തികൾ നടത്തി.

(u) പോർട്ട് ഓഫീസിന്റെ ചുറ്റുമതിലിന്റെ അറ്റകുറ്റപ്പണികളും കോമ്പൗണ്ടിൽ ഇന്റർലോക്ക് കട്ടകൾ പാകുന്ന പ്രവൃത്തിയും പൂർത്തീകരിച്ചു.

(v) വാർഫിൽ പുതിയ ടയർ ഫെൻഡർ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(w) തുറമുഖ വാർഫിൽ 100 ടൺ വേബ്രിഡ്ജ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

(x) പഴയ വാർഫിന് പിന്നിലെ യാർഡ് കോൺക്രീറ്റിംഗും ഇന്റർലോക്ക് കട്ടകൾ പതിക്കുന്ന പ്രവൃത്തിയും പൂർത്തീകരിച്ചു

(ബി) ബേപ്പൂർ തുറമുഖം വികസിപ്പിക്കുന്നതിന് കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് സർവ്വീസസ് എന്ന കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിരുന്നു.

(സി) ബേപ്പൂർ തുറമുഖ വികസനവുമായി ബന്ധപ്പെട്ട് 3.83 ഏക്കർ കോവിലകം ഭൂമി നെഗോഷ്യബിൾ പർച്ചേസ് പ്രകാരമാണ് ഏറ്റെടുക്കുന്നത്. ഏറ്റെടുക്കേണ്ടതായ ഭൂമിയുടെ സ്കെച്ച് റവന്യൂ വകുപ്പിന് തുറമുഖ വകുപ്പ് കൈമാറിയിട്ടുണ്ട്. താലൂക്ക് സർവ്വേയർ ഈ ഭൂമിയുടെ അളന്ന് തിട്ടപ്പെടുത്തൽ പ്രക്രിയ ആരംഭിച്ചിട്ടുണ്ട്.

കാസർഗോഡ് മത്സ്യബന്ധന തുറമുഖം

239 (216) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മത്സ്യബന്ധന തുറമുഖ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇതിന്റെ ഉദ്ഘാടനം എപ്പോൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മത്സ്യബന്ധന തുറമുഖത്തിന്റെ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാൻ ബാക്കിയുള്ളത്; ഇത് പൂർത്തീകരിക്കാൻ വൈകിയിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് മത്സ്യബന്ധന തുറമുഖ നിർമ്മാണം ഇപ്പോൾ അന്തിമ ഘട്ടത്തിലാണ്. ഫെബ്രുവരി അവസാനത്തോടെ പണി പൂർത്തീകരിച്ച് ഉദ്ഘാടനം നടത്താമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ ടി തുറമുഖത്തിലെ പുലിമുട്ടുകൾ ക്കിടയിലെ വീതി കുറവാണെന്ന് മത്സ്യത്തൊഴിലാളികൾ പരാതിപ്പെട്ടതിനാൽ ടി വിവരം ടി പദ്ധതിയുടെ മാതൃകാപഠനം നടത്തിയ പൂനെയിലെ CWPRS എന്ന സ്ഥാപനത്തെ അറിയിക്കുകയുണ്ടായി. പുലിമുട്ടുകൾക്കിടയിലെ മണ്ണിടിയുന്നതിന്റെ വിശദാംശങ്ങളും വെള്ളത്തിന്റെ ഒഴുക്കും കൃത്യമായ ഇടവേളകളിൽ പരിശോധിക്കാനും CWPRS നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം ഡ്രെഡ്ജിംഗ് പ്രവൃത്തി ആരംഭിച്ചിരിക്കുകയാണ്. പുലിമുട്ടുകൾക്കിടയിലെ നിലവിലെ വീതി മൂന്ന് ബോട്ടുകൾക്ക് ഒരേ സമയം പ്രവേശിക്കുന്നതിന് പര്യാപ്തമാണെന്നാണ് CWPRS അറിയിച്ചിരിക്കുന്നത്. എന്നാൽ രണ്ട് പുലിമുട്ടുകളും ദീർഘിപ്പിച്ച് അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly